**കേരള സംഗീത നാടക അക്കാദമി**
**KERALA SANGEETHA NATAKA AKADEMI**
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

എ2/1319/2021 16-07-2021

പ്രസിദ്ധീകരണത്തിന് :

## 100 കേരള ഗാനങ്ങൾക്ക് ധനസഹായം-അപേക്ഷ ക്ഷണിക്കുന്നു

കോവിഡ് 19 മഹാമാരിയുടെ ദുരന്തം അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാരിനുവേണ്ടി കേരള സംഗീത നാടക അക്കാദമി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് വരികയാണ്. ആയതിന്റെ ഭാഗമായി കേരളത്തിലെ ഗാനരചയിതാക്കളേയും ഗായകരെയും സംഗീത സംവിധായകരെയും പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി 100 കേരള ഗാനങ്ങൾക്ക് അക്കാദമി 15,000/- രൂപ വീതം (ഓരോ വിഭാഗത്തിനും 5,000/- രൂപ വീതം) ധനസഹായം നൽകുന്നു. കേരളീയ സംസ്കാരം പ്രതിപാദ്യ വിഷയമായ 100 ഗാനങ്ങൾ എഴുതി ചിട്ടപ്പെടുത്തി പാടുന്നതിനാണ് ഈ സഹായം. ഓർക്കസ്ട്രയോടുകൂടിയോ അല്ലാതെയോ പാട്ട്റെക്കോർഡ് ചെയ്ത് സി.ഡിയിലോ പെൻഡ്രൈവിലോ അക്കാദമിയിലേക്ക് അയക്കേണ്ടതാണ്. ഗാനങ്ങളുടെ ദൈർഘ്യം പത്തു മിനിറ്റിൽ കവിയരുത്. വെള്ളക്കടലാസിൽ സ്വയം തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഗായകൻ/ഗായിക, സംഗീത സംവിധായകൻ, ഗാനരചയിതാവ് എന്നിവരുടെ വിശദാംശങ്ങൾ കൂടി അയക്കേണ്ടതാണ്. 2021 ആഗസ്റ്റ് 31 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി റെക്കോർഡ് ചെയ്ത ഗാനവും അപേക്ഷയും അക്കാദമിയിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷകൾ കേരള സംഗീത നാടക അക്കാദമിയിൽ നേരിട്ടോ തപാലിലോ അയക്കാവുന്നതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0487-2332134 എന്ന നമ്പറിൽ അക്കാദമി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

വിലാസം: സെക്രട്ടറി
കേരള സംഗീത നാടക അക്കാദമി
ചെമ്പൂക്കാവ്,
തൃശൂർ - 680 020.

ഡോ.പ്രഭാകരൻ പഴശ്ശി
സെക്രട്ടറി